(ഡി) ഏതെല്ലാം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. സർവ്വജന എച്ച്.എസ്.എസ്. പുതുക്കോട്

2. പി. കെ. എച്ച്. എസ്.എസ്., കണ്ണമ്പ്ര

3. സി.വി.എം.എച്ച്.എസ്.എസ്., വണ്ടാഴി

4. ലൂർദ് മാതാ എച്ച്.എസ്.എസ്., മംഗലം ഡാം.

(ബി) 1. ജി. യു.പി.എസ്. മുടപ്പല്ലൂർ.

2. ജി.യു.പി.എസ്. കല്ലിങ്കൽപ്പാടം (ആർ.എം.എസ്.എ. പ്രകാരം)

(സി&ഡി) പുതിയതായി അൺഎയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകിയിട്ടില്ല.

കുന്നംകുളം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നതിന് പുതിയ കെട്ടിടം

79 (2084) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നത് 100-ൽ അധികം വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സുരക്ഷിതത്വം കണക്കിലെടുത്ത് ഹൈസ്കൂൾ വിഭാഗത്തിന്റെ കെട്ടിടം പുതുക്കിപണിയാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 18-1-1996-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ14/96/പൊ.വി. പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് ഇത് സംബന്ധിച്ച് ഫണ്ടോ പദ്ധതികളോ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly